# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.** 1120 **13.12.2012 ൽ മറുപടിക്ക്**

**<u>സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകൽ.</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.ബി. സത്യൻ<br>ശ്രീമതി. കെ.കെ.ലതിക | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് പുതുതായി നിലവിൽവന്ന നിബന്ധനകൾ കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ; | (എ) 07.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/2011/പൊ.വി. എന്ന മാർഗ്ഗനിർദ്ദേശത്തിലെ Clause (iv), (vi), (xiv) എന്നിവ റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ അതിന് ആധാരമായി കോടതി ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്താണ്; ഇക്കാര്യം പരിശോധിക്കുക യുണ്ടായോ; ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ; | (ബി) സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.A.1042/12 നമ്പർ അപ്പീലിൻമേൽ 14.9.2012 ൽ ഡിവിഷൻ ബഞ്ച് വിധി പുറപ്പെടുവിച്ചു. സർക്കാരിന്റെ അപ്പീൽ തള്ളിക്കൊണ്ടും സ്കൂൾ മാനേജ്മെന്റുകൾ നൽകിയ റിട്ട് പെറ്റീഷനുകൾ അനുവദിച്ചുകൊണ്ടു മാണ് പ്രസ്തുത വിധി വന്നിട്ടുള്ളത്. മേൽപറഞ്ഞ സർക്കാർ ഉത്തരവിലെ Clause (iv), (vi), (viii),(xiv) എന്നിവ സംബന്ധിച്ചാണ് പ്രസ്തുത വിധി. ഇതിന്റെ അടിസ്ഥാനത്തിൽ G.O.(M.S) 384/12/G.Edn. dated 07.12.2012 പ്രകാരം കുട്ടികളുടെ എണ്ണത്തിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ശമ്പളം (Clause (viii) ) സംബന്ധിച്ച കോടതിവിധി അംഗീകരിക്കുവാനും സർക്കാർ തീരുമാനിച്ചു. കൂടാതെ Clause (iv), Clause, (vi), (xiv) എന്നിവയിൻമേൽ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ |

നൽകുവാനും തീരുമാനിച്ചു. ആയതിനുള്ള നിർദ്ദേശം അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്.

(സി) ഹൈക്കോടതിയിലെ കേസിൽ സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അനുബന്ധമായി ചേർക്കുന്നു.

(ഡി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്ക് ഇതിനകം അംഗീകാരം നൽകുകയുണ്ടായി. അപ്പീൽ നൽകുവാനും അതിന്മേൽ തീരുമാനം വരുന്നതുവരെ പുതിയ സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകാതിരിക്കാനും തയ്യാറാകുമോ?

(ഡി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 3 സി.ബി.എസ്.ഇ സ്കൂളുകൾക്ക് ഉപാധികളോടെ ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. കോടതി സമയപരിധി നിർദ്ദേശിച്ചിട്ടില്ലാത്ത അപേക്ഷകളിൽ എൻ.ഒ.സി നൽകാതിരിക്കുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**